# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## നിങ്ങളുടെ മക്കളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുക: ഫ്രാൻസിസ് പാപ്പ




മക്കളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്ന് മാതാപിതാക്കളോട് ഫ്രാൻസിസ് പാപ്പാ. ഇന്നലെ രാവിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ അർപ്പിച്ച ദിവ്യബലിക്കിടെയാണ് ഫ്രാൻസിസ് പാപ്പാ ഇക്കാര്യം പറഞ്ഞത്. പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചെറുപ്രായത്തിൽത്തന്നെ കുട്ടികളെ ബോധ്യപ്പെടുത്തണമെന്നും ഫ്രാൻസിസ് പാപ്പാ പറഞ്ഞു.

"തിരക്കേറിയ ജീവിതത്തിനിടയിൽ പലരും പ്രാർത്ഥിക്കാൻ മറന്നുപോകുന്നു. ദൈവത്തിൽനിന്ന് അകന്നുപോകാനേ ഇത് ഉപകരിക്കൂ. പ്രാർത്ഥിക്കുന്നില്ലെങ്കിൽ നാം ദൈവസ്നേഹം അനുഭവിക്കുന്നില്ല എന്നർത്ഥം. ലോകത്തിന്റെ പല ഭാഗങ്ങളിലും ഞാൻ പോയിട്ടുണ്ട്. അത്ഭുതകരമായ ഒരു കാര്യം പല സ്ഥലങ്ങളിലും കുരിശു വരയ്ക്കാൻ പോലുമറിയാത്ത കുട്ടികളെ ഞാൻ കണ്ടിട്ടുണ്ട് എന്നതാണ്. മാതാപിതാക്കളാണ് ഇതിന്റെ പൂർണ്ണ ഉത്തരവാദികൾ. കുട്ടികൾക്കു മുൻപിൽ നല്ല മാതൃകകളാകേണ്ടവരാണ് മാതാപിതാക്കൾ" ഫ്രാൻസിസ് പാപ്പാ പറഞ്ഞു.

"സുവിശേഷവായനയ്ക്കായി എന്നും അൽപസമയം ചെലവഴിക്കണം കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് സന്ധ്യാപ്രാർത്ഥന ചൊല്ലുകയും വേണം. ഇത് കുടുംബത്തിലെ ഓരോരുത്തരുംതമ്മിലുള്ള ഐക്യത്തിനും കെട്ടുറപ്പിനും കാരണ മാകും." ഫ്രാൻസിസ് പാപ്പാ കൂട്ടിച്ചേർത്തു.